മ്മെണ്ടാനു് ബോദ്ധ്യമുണ്ടോ?

രാമവമ്മ തമ്പുരാൻ.—മനഃപൂർവ്വമാണോ അല്ലയോ എന്നറിയുവാൻ വിഷമമാണു്. അതിനെപ്പറ്റി അന്വേഷിച്ചിട്ടില്ല.

മിസ്റ്റർ കെ. പി. വള്ളോൻ.—ചാണകംകൊണ്ടു് എറിയുന്നതു് അനീതിയാണെന്നു് ഗവമ്മെണ്ടു വിശ്വസിയ്ക്കുന്നുണ്ടോ?

രാമവമ്മതമ്പുരാൻ—ചാണകംകൊണ്ടു് എറിയുന്നതു് അനീതിതന്നെയാണു്.

മിസ്റ്റർ ടി. കെ. നായർ.—എന്തന്വേഷണമാണു് നടത്തിയതെന്നറിഞ്ഞാൽ കൊള്ളാം?

രാമവമ്മതമ്പുരാൻ—നടന്ന സംഭവത്തെപ്പറ്റി അന്വേഷിച്ചു. വിവരമായി ഇപ്പോൾ പറയുവാൻ തരമില്ല.

മിസ്റ്റർ എം. കെ. രാമൻ.—അന്വേഷണത്തിൽ മനഃപൂർവ്വമാണെന്നു് തോന്നിയിട്ടുണ്ടോ താക്കീതു ചെയ്തതു്?

രാമവമ്മതമ്പുരാൻ—മനഃപൂർവ്വമാണോ എന്നു നിശ്ചയമില്ല.

മിസ്റ്റർ എം. കെ. രാമൻ.—ഒരു കുട്ടിയെ ചാണകംകൊണ്ടു് എറിയണമെങ്കിൽ അതു് മനപൂർവ്വമായിരിക്കയില്ലേ?

രാമവമ്മതമ്പുരാൻ—നിശ്ചയമില്ല.

Lease of fishing rights to Kanakkans.

157. മിസ്റ്റർ കെ. പി. വള്ളോൻ.—(a) ഇല്ലിക്കൽ കെട്ടുമുതൽ മുനയംകെട്ടുവരെയുള്ള പുഴയും പുഴവിൽ തോട്ടം മത്സ്യവ്യവസായംചെയ്തു് ഉപജീവനംകഴിക്കുന്ന കണക്കന്മാക്കു് ഏല്പിച്ചുകൊടുത്തിട്ടുള്ളതു് എത്ര ഉറപ്പിക്കയുണ്ടു്;

(b) കഴിഞ്ഞ കൊല്ലത്തിൽ മുനയം കെട്ടുമുതലും മുരിയാട്ടുകായൽ മുതലും കൃഷിക്കാർ പമ്പിങ്ങു് എഞ്ചിൻ വച്ചു് വെള്ളം വറ്റിച്ചതിനാൽ കണക്കന്മാക്കു് ഉണ്ടായിട്ടുള്ള നഷ്ടകഷ്ടങ്ങൾക്കു് അവർ ഗവർമ്മെണ്ടിനു വല്ല സങ്കടവും ബോധിപ്പിച്ചിട്ടുണ്ടോ;

ഉണ്ടെങ്കിൽ പരിഹാരമായി വല്ലതും ചെയ്തുവോ;

ഇല്ലെങ്കിൽ എന്തുകൊണ്ടു്?

മിസ്റ്റർ യു. കണ്ടർമേനോൻ.—ചോദ്യം ഉറപ്പിക്കുക്കു് (ഇതിൽ വടക്കുംമുറി വില്ലേജിലുള്ള ചിലഞ്ഞിറ കായ്പും ഉൾപ്പെട്ടതു).

(b) നഷ്ടകഷ്ടങ്ങൾ വന്നിട്ടുണ്ടെന്നു കാണിച്ചു് ഹർജികൾ ബോധിപ്പിച്ചിട്ടുണ്ടു്.

ബാക്കിവച്ചിരുന്ന കിസ്തുകൾക്കു് ചിലതു വസൂലാക്കുക ഉണ്ടായില്ല.

ഈ കായ്തത്തിൽ യാതൊരു നഷ്ടവും വന്നിട്ടില്ലെന്നു് അന്വേഷണത്തിൽ അറിവായതിനാൽ വേറെ യാതൊരു പരിഹാരവും ചെയ്തുകൊടുത്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

158. മിസ്റ്റർ കെ. പി. വള്ളോൻ.—(a) ഈ കൊല്ലത്തേക്ക് പ്രസ്തുത കാപ്പുകാരം ലേലത്തിൽ വച്ചുവൊ;

ഉണ്ടെങ്കിൽ എത്ര സംഖ്യക്കാണ് ലേലം വിളിച്ചത്;

പ്രസ്തുത കാപ്പുകാരുക്ക് അന്യ സമുദായത്തിൽനിന്നും ടെണ്ടർ ഉണ്ടായിരുന്നുവൊ;

ഉണ്ടെങ്കിൽ എത്ര സംഖ്യക്ക്;

അന്യ സമുദായക്കാർ ആവശ്യപ്പെട്ട സംഖ്യക്കെങ്കിലും ഈ പാവങ്ങൾക്ക് ഏല്പിച്ചുകൊടുക്കാമായിരുന്നില്ലേ;

(b) ഇതിനെ സംബന്ധിച്ച് അവർ കൊടുത്തിട്ടുള്ള അപേക്ഷകൾക്ക് എന്തെങ്കിലും അനുകൂല്യം ചെയ്തുകൊടുത്തിട്ടുണ്ടോ ചെയ്തുകൊടുപ്പാൻ വിരോധം ഉണ്ടോ?

മിസ്റ്റർ യു. കണ്ടർമേനോൻ.—(a) ഉവ്വ്.

പുത്തൻതോടും ചിലഞ്ഞിറ കാപ്പും സ്ഥ കു. ക്ക് ചിലർ വിളിക്കയുണ്ടായി.

ഉവ്വ്.

൨൫ ഉദ്യോഗസ്ഥർ ചിലർ ആവശ്യപ്പെട്ടിരുന്നു.

മേൽപറഞ്ഞ സംഖ്യ വളരെ കുറഞ്ഞ സംഖ്യയാണെന്നും ഗവർമ്മെണ്ടിനു ബോദ്ധ്യം വന്നതിനാൽ അപ്രകാരം ചെയ്യാത്തതാണ്.

(b) ഇല്ല.

അനുകൂല്യം ചെയ്തുകൊടുപ്പാൻ ഇപ്പോഴത്തെ തക്കതായ കാരണങ്ങൾ ഇല്ല.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—പുത്തൻ തോടും ചിലഞ്ഞിറ കാപ്പും സ്ഥ കു.യ്ക്ക ചിലർ വാങ്ങിയ്ക്കുകയുണ്ടായി എന്നു പറഞ്ഞിരിയ്ക്കുന്നു. അവർ ആരാണെന്നു പറയാമോ?

മിസ്റ്റർ യു. കണ്ടർമേനോൻ.—പറയാൻ നിവൃത്തിയില്ല.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—൨൫ ഉദ്യോഗസ്ഥർ ചിലർ ആവശ്യപ്പെട്ടിരുന്നുവെന്നു പറഞ്ഞിരിയ്ക്കുന്നു. അതു് അവർ നേരിട്ടാവശ്യപ്പെട്ടിട്ടുള്ളതാണോ?

മിസ്റ്റർ യു. കണ്ടർമേനോൻ.—ലേലത്തിനു ശേഷം എഴുതി അയച്ചിട്ടുള്ളതാണ്.

Applications from Depressed Classes of Trichur for assignment of Poramboke lands.

159. മിസ്റ്റർ കെ. പി. വള്ളോൻ.—ഇരിഞ്ഞാലക്കുടത്താലൂക്ക് വള്ളിവട്ടത്തിനു തെക്കുഭാഗം താമസക്കാരായ അധഃകൃതക്ക് പുറമ്പോക്കു പ

LIBRARY ARCHIVES Kerala Legislative Assembly